# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2470 — 18.06.2014 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ കേസിലെ സുപ്രീംകോടതി വിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് കേരളത്തിന്റെ വാദങ്ങൾ സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി അംഗീകരിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് അറിയിക്കാമോ; | (എ) | മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് കേരളത്തിന്റെ വാദങ്ങൾ ശരിയെന്ന് സ്ഥാപിക്കുന്നതിന് മതിയായ രേഖകൾ ഉന്നതാധികാര സമിതിക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത രേഖകൾക്കൊന്നും വേണ്ടത്ര പരിഗണന നൽകാതെ കേന്ദ്ര ജല കമ്മീഷൻ (CWC), കേന്ദ്ര ജല - ഊർജ്ജ റിസേർച്ച് സ്റ്റേഷൻ (CWPRS) തുടങ്ങിയ സ്ഥാപനങ്ങളുടെ പഠനറിപ്പോർട്ടുകളെ മാത്രം ആധാരമാക്കിയാണ് ഉന്നതാധികാര സമിതി അണക്കെട്ടിന്റെ 'ബലക്ഷയം' സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതെന്നാണ് പ്രസ്തുത സമിതിയുടെ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. |
| (ബി) സംസ്ഥാനം നിരത്തിയ വസ്തുതകൾ പരിഗണിക്കാതിരുന്ന ഉന്നതതല സമിതിയുടെ നടപടി സംബന്ധിച്ച് സുപ്രീം കോടതിക്ക് സംസ്ഥാന സർക്കാർ വിവരം നൽകിയിരുന്നോ; ഇതിൽ | (ബി) | അണക്കെട്ടിന്റെ 'ബലക്ഷയം' സംബന്ധിച്ച് സംസ്ഥാനം നിരത്തിയ വസ്തുതകൾ ഉന്നതാധികാര സമിതി പരിഗണിച്ചിട്ടില്ലായെന്നുള്ള കാര്യം ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കേരളം |

| | | |
|---|---|---|
| സുപ്രീംകോടതി എന്തു നിലപാടാണ് സ്വീകരിക്കുന്നത്; | | നടപടികൾ സ്വീകരിച്ചിരുന്നു. കേരളം ബഹു. സുപ്രീംകോടതി മുമ്പാകെ 05.04.2013-ൽ സമർപ്പിച്ച written submission-നിൽ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിന്റെ അപര്യാപ്തതയും, പരിമിതികളും, പോരായ്മകളും വിശദമായി പ്രതിപാദിച്ചിരുന്നു. കേസിന്റെ വിചാരണ വേളയിൽ ഈ വസ്തുതകൾ ബഹു. കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അഭിഭാഷകർ ശ്രമിച്ചിരുന്നു. എന്നാൽ ഇവയൊന്നും പരിഗണനനൽകാതെ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് അതേപടി അംഗീകരിക്കുകയാണുണ്ടായത്. |
| (സി) കോടതിക്ക് വെളിയിൽ പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കുവാനും പുതിയ ഡാം നിർമ്മിക്കാനും ഏതെങ്കിലും തരത്തിലുള്ള നീക്കം നടത്തിയിട്ടുണ്ടോ ഇല്ലെങ്കിൽ ഇതിനായി ശ്രമിക്കുമോ? | (സി) | കോടതിക്ക് വെളിയിൽ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ചില ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും പ്രശ്നപരിഹാരമുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ